# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

2018-2019 അദ്ധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിനോടനുബന്ധിച്ച് ഓൺലൈൻ റജിസ്ട്രേഷൻ 17.05.2018 മുതൽ ആരംഭിച്ചു. 30.05.2018 വരെ അപേക്ഷാ ഫീസ് സമർപ്പിക്കാവുന്നതും 31.05.2018 വരെ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. അപേക്ഷാഫീസ് : ജനറൽ 265/- രൂപ. എസ്.സി/എസ്.ടി 105 രൂപ. വെബ്സൈറ്റ് : www.cuonline.ac.in.

അപേക്ഷകർ അന്തിമ സമർപ്പണം നടത്തിയതിനുശേഷമുള്ള എല്ലാ തിരുത്തലുകൾക്കും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവർത്തിക്കുന്ന നോഡൽ സെന്ററുകളുടെ സേവനം ഉപയോഗിക്കേണ്ടതാണ്.

വിഭിന്നശേഷിക്കാരുടെ പ്രവേശനത്തിന് ഓൺലൈൻ അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത വിഭാഗത്തിൽ റജിസ്റ്റർ ചെയ്തവരുടെ റാങ്ക്‌ലിസ്റ്റ് അതാത് കോളേജിലേക്ക് നൽകുന്നതും കോളേജ് പ്രസ്തുത റാങ്ക്‌ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതുമാണ്.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് യൂണിവേഴ്സിറ്റിയിലോ കോളേജുകളിലോ സമർപ്പിക്കേണ്ടതില്ല. എന്നാൽ അഡ്മിഷൻ ലഭിക്കുന്ന അവസരത്തിൽ അപേക്ഷയുടെ പ്രിന്റ്ഔട്ട് മറ്റു അനുബന്ധ രേഖകളോടൊപ്പം അതാത് കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്.

പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (ജനറൽ, മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വോട്ട, സ്പോർട്ട്സ്, വിഭിന്നശേഷി വിഭാഗക്കാർ, വിവിധ സംവരണം വിഭാഗക്കാർ ഉൾപ്പെടേണ്ട) ഓൺലൈൻ റജിസ്റ്റർ ചെയ്യേണ്ടതാണ്.

മാനേജ്മെന്റ്, സ്പോർട്ട്സ് ക്വോട്ട എന്നീ ക്വോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ റജിസ്ട്രേഷനു പുറമേ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ റജിസ്ട്രേഷന് വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ നൽകാവുന്നതാണ്. പുറമേ വിവിധ എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന അതാത് കമ്മ്യൂണിറ്റി വിദ്യാർത്ഥികൾക്ക് 5 ഓപ്ഷനുകൾ വരെ അധികമായി നൽകാവുന്നതാണ്.

റജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെയോ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ റജിസ്ട്രേഷൻ സമയത്ത് നൽകാവൂ.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ റജിസ്ട്രേഷൻ സമയത്ത് സമർപ്പിക്കുന്ന ഫോൺ നമ്പറിലേക്ക് മാത്രമേ അയക്കുകയുള്ളൂ.

ഗവ., എയ്ഡഡ്, സ്വാശ്രയ കോളേജുകളിലെ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് ഏറ്റവും താൽപര്യമുള്ള/ആഗ്രഹിക്കുന്ന ഓപ്ഷനുകൾ മുൻഗണന ക്രമത്തിൽ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന ഓപ്ഷനുകളുടെ താഴെയുള്ള ഓപ്ഷനുകൾ സ്ഥിരമായി നഷ്ടമാവുന്നതും ഒരു ഘട്ടത്തിലും തിരികെ പുനഃസ്ഥാപിക്കുന്നതുമല്ല.



ഡയറക്ടർ

C.U. Campus
18.05.2018